(സി) ഈ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര യുവാക്കളെ സംഘടിപ്പിക്കുവാനും എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി എന്നുമുതലാണ് ആരംഭിച്ചത്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല.

(ബി)-(ഇ) ചോദ്യം ഉദിക്കുന്നില്ല.

## ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

24 (*234)ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ നേതൃത്വത്തിൽ വനങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വനമേഖലയ്ക്ക് പുറത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്.

1. തടിയിതര വനവിഭവ പദ്ധതി (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) 100 ശതമാനം കേന്ദ്ര സഹായത്തോടെ 1997 മുതൽ 5 വർഷക്കാലത്തേക്ക് മൊത്തം 66.85 ലക്ഷം രൂപ ചെലവുവരുന്ന ഈ പദ്ധതിപ്രകാരം 200 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യങ്ങളും മറ്റും നട്ടുവളർത്തി പരിപാലിച്ചു വരുന്നു.

2. പശ്ചിമ ഘട്ട വികസന പദ്ധതി:

ഈ പദ്ധതിയിലൂടെ ഇതുവരെയായി 216 ഹെക്ടർ സ്ഥലത്ത് ഔഷധത്തോട്ടങ്ങൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. ഔഷധസസ്യതൈകളുടെ നട്ടുവളർത്തലും പരിചരണവും വിതരണവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. വനപ്രിയ

കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ ഗിരിവർഗ്ഗപ്രദേശങ്ങൾ ഉൾപ്പെടെയുള്ള വനഭാഗങ്ങളിൽ ഔഷധകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി തയ്യാറാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയ ഒരു പദ്ധതിയാണിത്. അഞ്ചുവർഷംകൊണ്ട് 280 ഹെക്ടർ പ്രദേശത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതും 421.5 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നതുമായ ഈ പദ്ധതി കേന്ദ്രസഹായത്തിനുവേണ്ടിയുള്ള പരിഗണനയിലാണ്.

4. വനസ്പതിവനം

വയനാട്, കണ്ണൂർ ജില്ലകളിലെ ഗിരിവർഗ്ഗപ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രക്ഷീണവനപ്രദേശത്ത് ഔഷധച്ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിച്ച് പരിപാലിക്കാനുള്ള ഒരു പദ്ധതിയാണിത്. അഞ്ചുവർഷം കൊണ്ട് 1338 ഹെക്ടർ പ്രദേശത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 625 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി കേന്ദ്രസഹായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

5. ഔഷധസസ്യ കൃഷിക്കുള്ള പദ്ധതി:

ഇടുക്കിജില്ലയിൽ 200 ഹെക്ടർ സ്ഥലത്ത് ഔഷധകൃഷി നടത്തുന്നതിനുള്ള പദ്ധതിയാണിത്. അഞ്ചുവർഷത്തേക്ക് 150 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) വനം വകുപ്പിന് പദ്ധതി ഇല്ല.

## കർഷക രക്ഷ ഇൻഷ്വറൻസ്

25 (*235)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരക്ഷാ ഇൻഷ്വറൻസ് എന്നാണ് ആരംഭിച്ചത്;

(ബി) ഏത് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) കർഷകർക്കുള്ള വിഹിതമായ 10 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിക്ക് എന്നാണ് നൽകിയത്;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കുമ്പോൾ എത്ര സെന്റ് ഭൂമി വരെയുള്ള കർഷകരെയാണ് ഇതിൽ ഉൾപ്പെടുത്തിയത്; ഇതിൻപ്രകാരം ഈ പദ്ധതിയിൽ എത്രപേർ ചേർന്നിട്ടുണ്ട്;

(ഇ) 1999-ഡിസംബർവരെയും 2000-മാർച്ച് വരെയും എത്രപേരെ ഈ പദ്ധതിയിൽ ചേർത്തു എന്നു വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതിപ്രകാരം എത്ര കർഷകർക്ക് ഇതുവരെ സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 2.10.1999.

(ബി) ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളുടെ നിർദ്ദേശങ്ങൾ കാർഷികോല്പാദന കമ്മീഷണർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയെ ഈ ചുമതല ഏൽപ്പിക്കുകയും ചെയ്തു.

(സി) 7.8.1999.

LIBRARY ARCHIVES Kerala Legislative Assembly